# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 8800/11/12/2023/റ്റി വി എം.**

ഹർജിക്കാരൻ : സാജു എം ജെ, T.C. 2/ 3311( 3), ജയഭവൻ., CRRA-12A, ചാലക്കുഴി റോഡ് പട്ടം പി ഓ തിരുവനന്തപുരം 695 0 04

എതിർകക്ഷി :

**ഉത്തരവ് തീയതി : 08-05-2025.**

പത്തുവർഷമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (KEPCO) കരാർ അടിസ്ഥാനത്തിൽ സിവിൽ എൻജിനീയറായി ജോലി ചെയ്തു വന്നിരുന്ന ഹർജിക്കാരനെ ടി സ്ഥാപനത്തിൽ നടന്ന കാലി തീറ്റ മോഷണക്കേസിൽ സസ്പെൻഷനിൽ ആയ അരുൺ എന്നയാളുടെ വ്യാജ പരാതിയിൽ ജോലിയിൽ നിന്നും മാറ്റി മറ്റൊരാളെ നിയമിച്ചു എന്നും ടിയാനെ കേൾക്കാതെയാണ് മേൽ തീരുമാനമെന്നും അതിനാൽ ജോലി നഷ്ടപ്പെടാതിരിക്കാൻ ഉള്ള നടപടി ഉണ്ടാകണമെന്നും മറ്റുമാണ് ആവലാതി.

2. പരാതി സംഗതിയിൽ കേപ്കോ മാനേജിംഗ് ഡയറക്ടർ 9/1/2024 തീയതിയിലെ വിശദമായ റിപ്പോർട്ട് ഫയൽ ചെയ്തു. പ്രിൻസിപ്പൽ സെക്രട്ടറി മാനേജിംഗ് ഡയറക്ടർമായി 1/4/2022 ൽ നടത്തിയ മീറ്റിങ്ങിൽ ഹൈടെക് ലെയർ ഫാമിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ ന്യൂനതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഹർജിക്കാരനെ അടിയന്തരമായി കോർപ്പറേഷന്റെ സിവിൽ എൻജിനീയർ തസ്തികയിൽ നിന്നും നീക്കംചെയ്ത് മറ്റൊരു പുതിയ ഉദ്യോഗാർത്ഥിയെ തൽസ്ഥാനത്ത് നിയമിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഒരു സിവിൽ എൻജിനീയറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതെന്നും ഈ കാര്യത്തിൽ ഹർജിക്കാരൻ ആരോപിക്കുന്നതുപോലെ യാതൊരു മനുഷ്യാവകാശ ലംഘനവും ഉണ്ടായിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു

3. റിപ്പോർട്ടിന്റെ പകർപ്പ് സഹിതം നോട്ടീസ് അയച്ചതിനെ തുടർന്ന് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം ആക്ഷേപം സമർപ്പിച്ചു.

4. പരാതിയും റിപ്പോർട്ടും ആക്ഷേപവും പരിശോധിച്ചതിലും ഹർജിക്കാരനെ നേരിൽ കേട്ടതിലും നിന്നും വെളിവാകുന്നത് പരാതി സംഗതി സർവീസ്/ തൊഴിൽ തർക്കം ആണെന്നാണ്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നടപടിക്രമം റെഗുലേഷൻ 17 എഫ് പ്രകാരം സർവീസ്/ തൊഴിൽ തർക്കങ്ങളിൽ ഈ കമ്മീഷൻ ഇടപെടുന്നത് ഉചിതമല്ല. മറ്റ് നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് പരാതി പരിഹരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരന് ഉത്തരവിന്റെ പകർപ്പ് അയക്കുക

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.